ആയതിനാൽ പോർട്ട് ചാനലിലെ ആഴം നിലനിർത്തുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 138 കോടി രൂപ ചെലവഴിച്ചു. എന്നാൽ ടെർമിനൽ ഓപ്പറേറ്ററിൽനിന്നും ലഭിച്ചത് 86 കോടി രൂപയാണ്. ടെർമിനലിൽ നിന്നും ലഭിക്കുന്ന വരുമാനം ഡ്രഡ്ജിംഗിന് വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത തരണം ചെയ്യാൻ പര്യാപ്തമല്ല. ICTT പദ്ധതിയുടെ നടത്തിപ്പിനായി ഡ്രഡ്ജിംഗ്-നായി വേണ്ടിവന്ന വർദ്ധിച്ച ചെലവുമൂലം കഴിഞ്ഞ 6 വർഷമായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

(ബി&സി) പരിശോധിച്ചുവരുന്നു.

പൊന്നാനി കാർഗോ പോർട്ട്

135 (2004) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി കാർഗോ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കമ്പനിയുമായി പാട്ടക്കരാർ ഒപ്പുവച്ചിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവർത്തി തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊന്നാനി കാർഗോ പോർട്ടായി വികസിപ്പിക്കുന്നതിന് M/s മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനവുമായി ഒപ്പ് വയ്ക്കുന്നതിനുള്ള ലീസ് എഗ്രിമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ലീസ് എഗ്രിമെന്റ് 2 ആഴ്ചക്കുള്ളിൽ ഒപ്പുവയ്ക്കും. ഒപ്പുവച്ച് മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനം തുടങ്ങുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) ലീസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly